# Deepika

# 9 August 2018

# Aluva, Manappuram, Karkkidakavavu

## മണപ്പുറത്തെ കർക്കടകവാവ് ബലിതർപ്പണം ആശങ്കയിൽ

**ആലുവ:** ഇടമലയാർ അണക്കെട്ട് ഇന്ന് തുറക്കുമ്പോൾ പെരിയാർ കരകവിയുമെന്ന് ഉറപ്പായതോടെ കർക്കടകവാവു ബലിതർപ്പണം ഇത്തവണ മണപ്പുറത്ത് നടത്താ ാ നാ വു മോ യെ ന്ന കാര്യത്തിൽ ആശങ്ക. ഇതിനു മുന്നോടിയായി ക്ഷേത്ര പരിസരത്ത് പകരം സംവിധാനം ഒരുക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ശനിയാഴ്ചയാണ് കർക്കടകമാസത്തിലെ ബലിതർപ്പണം നടക്കുക. രണ്ടാഴ്ച മുമ്പ് ചേർന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് അധികൃതരുടെ യോഗം മണപ്പുറത്തെ കർക്കടകവാവു ബലിയിടൽ ഒരുക്കങ്ങൾ ചർച്ച ചെയ്തിരുന്നു. മണപ്പുറത്ത് പതിവുപോലെ നൂറോളം താത്കാലിക ബലിത്തറകൾ സ്ഥാപിക്കാനാണ് തീരുമാനിച്ചത്. രണ്ടുദിവസം മുമ്പാണ് ഇവ സ്ഥാപിക്കുന്നത്.

എന്നാൽ ഇടമലയാർ ഡാം തുറക്കുന്നതിന് റെഡ് അലർട്ട് പ്രഖ്യാപിച്ചതോടെ ബലിത്തറകൾ ആരംഭിക്കാൻ മറ്റൊരു സ്ഥലം കണ്ടെത്തേണ്ടി വന്നിരിക്കുകയാണ്. കുറച്ച് ബലിത്തറകൾ മാത്രമേ സ്ഥലദൗർലഭ്യം കാരണം ഒരുക്കാനാവൂ. ജലനിരപ്പുയർന്നാൽ ഭക്തജനങ്ങൾ ക്ഷേത്ര പരിസരത്തേക്ക് എത്താൻ നന്നേ ബുദ്ധിമുട്ടുകയും ചെയ്യും. 11ന് പുലർച്ചെയാണ് വാവു ബലിതർപ്പണം നടക്കുന്നത്. മധ്യകേരളത്തിലെ പ്രധാന കർക്കടകവാവുബലി കേന്ദ്രമാണ് ആലുവ മണപ്പുറം. 2013ൽ അണക്കെട്ട് തുറന്നതിനെത്തുടർന്ന് പെരിയാറിലെ ജലനിരപ്പ് ഉയർന്നത് കർക്കടകവാവ് ബലി ചടങ്ങുകളെ ബാധിച്ചിരുന്നു. അന്ന് ബലിതർപ്പണത്തിനെത്തിയ ഭക്തരെല്ലാം പെരിയാറിന്റെ മറുകരയിലുള്ള അദ്വൈതാശ്രമത്തിലാണ് തർപ്പണം നടത്തിയത്.

### അദ്വൈതാശ്രമത്തിൽ ഒരേസമയം 1,500 പേർക്ക് തർപ്പണം നടത്താം

**ആലുവ:** ഇടമലയാർ അണക്കെട്ട് തുറക്കുമെന്ന ആശങ്ക നിലനിൽക്കേ ആലുവ അദ്വൈതാശ്രമത്തിൽ കർക്കടക വാവുബലിക്ക് വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തി. ഒരേസമയം 1500 പേർക്ക് ബലിതർപ്പണം നടത്താനുള്ള സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്. പുരുഷൻമാർക്കും സ്ത്രീകൾക്കും ബലിതർപ്പണത്തിന് പ്രത്യേകം സൗകര്യങ്ങളുണ്ട്. മഴ നനയാതെ ബലിയിടാൻ വിശാലമായ പന്തൽ നിർമിച്ചിട്ടുണ്ട്.

ബലിതർപ്പണത്തിനായി എത്തിച്ചേരുന്നവരുടെ വാഹനങ്ങൾ പാർക്ക് ചെയ്യാൻ ആശ്രമം ഗ്രൗണ്ടും എതിർവശത്തുള്ള സ്കൂൾ ഗ്രൗണ്ടും സജ്ജീകരിച്ചിട്ടുണ്ട്.